ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 17.08.2026**

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്തിൻറെ വികസന ചരിത്രത്തിൽ പുതിയ അധ്യായം കുറിക്കാൻ ഒരുങ്ങി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. ആദ്യ കയറ്റുമതി കണ്ടെയ്നർ മുഖ്യമന്ത്രി വി.ഡി. സതീശൻ നാളെ ഫ്ലാഗ് ഓഫ് ചെയ്യും. കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ മുഖ്യാതിഥിയാകും.

2. ഖനന നിയമ ഭേദഗതി ബില്ലിലെ വ്യവസ്ഥകൾ പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി വി.ഡി. സതീശൻ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്തയച്ചു.

3. എറണാകുളം - ബംഗളൂരു വന്ദേഭാരത് എക്സ്പ്രസ് 16 കോച്ചുകളുമായി സർവീസ് ആരംഭിച്ചു. കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ഫ്ലാഗ് ഓഫ് ചെയ്തു.

4. കാർഷിക മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾക്ക് വഴിയൊരുക്കി രണ്ടാംഘട്ട ഭൂപരിഷ്കരണത്തിന് തുടക്കം കുറിക്കുമെന്ന് മുഖ്യമന്ത്രി.

5. ശബരിമല സന്നിധാനത്ത് വൻ ഭക്തജന തിരക്ക്. കാർഷിക സമൃദ്ധിയുടെ പ്രതീകമായി ഗുരുവായൂരിൽ ഇല്ലംനിറ ചടങ്ങുകൾ നാളെ.

RNUTVPM

6. സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യത. നാല് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത നൽകി കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

*******************

## വിഴിഞ്ഞം (ഇൻട്രോ)

സംസ്ഥാനത്തിൻറെ വികസന ചരിത്രത്തിൽ പുതിയ അധ്യായം കുറിക്കാൻ ഒരുങ്ങി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. വിഴിഞ്ഞം തുറമുഖത്ത് നിന്ന് സമ്പൂർണ്ണ കയറ്റുമതി-ഇറക്കുമതി പ്രവർത്തനങ്ങൾക്ക് നാളെ തുടക്കമാകും. മുഖ്യമന്ത്രി വി.ഡി. സതീശൻ ആദ്യ കയറ്റുമതി കണ്ടെയ്നർ ഫ്ലാഗ് ഓഫ് ചെയ്യും. കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ മുഖ്യാതിഥിയാകും.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്ത് നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം. പള്ളുരുത്തി....**

**(വോയിസ്)**

*******************

RNU TVPM

## വന്ദേഭാരത് ട്രെയിൻ

എറണാകുളം - ബംഗളൂരു വന്ദേഭാരത് എക്സ്പ്രസ് ഇനി 16 കോച്ചുകളുമായി സർവീസ് നടത്തും. എറണാകുളം ജങ്ഷൻ റെയിൽവേ സ്റ്റേഷനിൽ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ഫ്ലാഗ് ഓഫ് നിർവഹിച്ചു. ദക്ഷിണ റെയിൽവേ തിരുവനന്തപുരം ഡിവിഷന്റെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.

*******************

## ഓണം

ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും പൊന്നോണക്കാലത്തിന് തുടക്കമായി. ഓരോ മലയാളിക്കും പുതുവർഷപ്പിറവിയുടെ അനുഭവം സമ്മാനിച്ച് പൊന്നിൻ ചിങ്ങമെത്തി. കൊല്ലവർഷത്തിലെ ആദ്യ മാസമായ ചിങ്ങത്തിലെ ആദ്യ ദിനം കേരളത്തിൽ കർഷക ദിനമായും ആഘോഷിക്കാറുണ്ട്. ഓണ വിപണികൾ സജീവമാകുന്നതോടെ ഓണത്തെ ആഘോഷപൂർവം വരവേൽക്കാനുള്ള ഒരുക്കത്തിലാണ് നാടും നഗരവും.

ഓണം വാരാഘോഷത്തിൻറെ ഭാഗമായുള്ള ഫെസ്റ്റിവൽ ഓഫീസ് മന്ത്രി പി.സി വിഷ്ണുനാഥ് നാളെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ഈ മാസം 24 മുതൽ 30 വരെയാണ് ഓണം വാരാഘോഷം.

*******************

## മുഖ്യമന്ത്രി

കാർഷിക മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾക്ക് വഴിയൊരുക്കി രണ്ടാംഘട്ട ഭൂപരിഷ്ക്കരണത്തിന് തുടക്കം കുറിക്കുമെന്ന് മുഖ്യമന്ത്രി വി. ഡി. സതീശൻ. ഇതിനായി നിലവിലുള്ള ഭൂനിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുമെന്നും എറണാകുളത്ത് നടന്ന സംസ്ഥാന കർഷക അവാർഡ് വിതരണ ചടങ്ങിൽ അദ്ദേഹം പറഞ്ഞു.

*******************

## ഓണാഘോഷം -പാലക്കാട് (ഇൻട്രോ)

ഓണാഘോഷങ്ങൾക്ക് തുടക്കം കുറിച്ച് പാലക്കാട് രാമശ്ശേരിയിൽ നടന്ന താമരസദ്യ ശ്രദ്ധേയമായി. രാമശ്ശേരി ഗാന്ധി ആശ്രമത്തിലാണ് അത്തം നാളിൽ പത്മഭോജനം നടന്നത്. ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട്.

(വോയ്സ്)

*******************

## സപ്ലൈകോ വെളിച്ചെണ്ണ

സപ്ലൈകോ വിൽപനശാലകളിലും ഓണച്ചന്തകളിലും ശബരി സബ്സിഡി വെളിച്ചെണ്ണയുടെ വില വീണ്ടും കുറച്ചു. ലിറ്ററിന് 20 രൂപയാണ് കുറച്ചത്. 229 രൂപയാണ് പുതുക്കിയ വില. ഓണം പ്രമാണിച്ച് സെപ്റ്റംബർ മാസത്തെ സബ്സിഡി സാധനങ്ങൾ കൂടി ഇപ്പോൾ വാങ്ങാമെന്ന് മന്ത്രി അനൂപ് ജേക്കബ് അറിയിച്ചു.

*******************

RNU TVPM

## ഓണം ഫെയർ- കോഴിക്കോട് (ഇൻട്രോ)

ഓണത്തിന് ഒരാഴ്ച ബാക്കി നിൽക്കെ കോഴിക്കോട് നഗരത്തിൽ ഓണം ഫെയറുകൾ സജീവമായി.

കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ജില്ലാതല ഓണ വിപണന മേളയുടെ ഉദ്ഘാടനം മന്ത്രി കെ.എം ഷാജി ഈ മാസം 20 ന് നിർവഹിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.**

**(വോയ്സ്)**

*******************

## പ്രധാനമന്ത്രിക്ക് കത്തയച്ച്

ഖനന നിയമ ഭേദഗതി ബില്ലിലെ വ്യവസ്ഥകൾ പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി വി.ഡി. സതീശൻ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്തയച്ചു. ഭേദഗതിയിലെ നിർദിഷ്ട സെക്ഷൻ 9 ഡി പ്രകാരം ധാതു നിക്ഷേപമുള്ള ഭൂമിക്ക് നികുതി, സെസ്, മറ്റ് ലെവികൾ എന്നിവ ചുമത്തുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമാക്കുന്നത് സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ അധികാരത്തെ ബാധിക്കുമെന്ന് കത്തിൽ പറയുന്നു. കേരളം ഉയർത്തുന്ന ആശങ്കകളിൽ പ്രധാനമന്ത്രിയുടെ അടിയന്തര ഇടപെടലുണ്ടാകണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

*******************

## മാധ്യമ ശില്പശാല

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ പ്രാദേശിക മാധ്യമപ്രവർത്തകർക്കായി ഏകദിന മാധ്യമ ശില്പശാല സംഘടിപ്പിക്കും. ആലപ്പുഴ ചേർത്തലയിൽ നാളെ രാവിലെ നടക്കുന്ന ശില്പശാല ജില്ലാ പോലീസ് മേധാവി വിഷ്ണു പ്രദീപ് ടി.കെ ഉദ്ഘാടനം ചെയ്യും. പി.ഐ.ബി തിരുവനന്തപുരം അഡീഷണൽ ഡയറക്ടർ ജനറൽ - റീജിയൺ വി. പളനിച്ചാമി അധ്യക്ഷത വഹിക്കും.

RNU TVPM

*******************

## ആകാശവാണി -സംഗീത കച്ചേരി

ഓണത്തോട് അനുബന്ധിച്ച് ആകാശവാണി തിരുവനന്തപുരം നിലയം 'ശ്രാവണ സംഗീതിക ' സംഗീത കച്ചേരി സംഘടിപ്പിച്ചു. തിരുവനന്തപുരം വിമൻസ് കോളേജിൽ സംഗീത വിഭാഗവുമായി ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്. ഈ സംഗീത കച്ചേരിയുടെ ശബ്ദ ലേഖനം തിരുവോണ നാളിൽ രാത്രി ഒൻപതരയ്ക്ക് ആകാശവാണിയുടെ കേരള നിലയങ്ങൾ പ്രക്ഷേപണം ചെയ്യും.

*******************

## ശ്രീനാരായണപുരം റിപ്പിൾ വാട്ടർ INTRO)

മൂന്നാറിലെത്തുന്ന  സഞ്ചാരികൾക്ക് കാഴ്ചയുടെ വിസ്മയം ഒരുക്കുന്ന പ്രധാന ഇടമാണ് ശ്രീനാരായണപുരം റിപ്പിൾ ഫാൾസ്. സുരക്ഷിതമായി വെള്ളച്ചാട്ടം ആസ്വദിക്കാനും  സെൽഫി എടുക്കാനുമുള്ള സൗകര്യം ഇവിടെയുണ്ട്.

**ആകാശവാണി ഇടുക്കി ജില്ലാപ്രതിനിധി രതീഷ് കൃഷ്ണ തയാറാക്കിയ റിപ്പോർട്ട് ...**

**(വോയ്സ്)**

RNU TVPM

*******************

## ഗുരുവായുർ-ഇല്ലം നിറ

കാർഷിക സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും പ്രതീകമായ ഇല്ലംനിറ ചടങ്ങുകൾക്കായി ഗുരുവായൂർ ക്ഷേത്രം ഒരുങ്ങി. നാളെ രാവിലെ 8:30 മുതൽ 9:30 വരെയാണ് ഇല്ലംനിറ ചടങ്ങുകൾ. ഗുരുവായൂരപ്പന് സമർപ്പിക്കാനുള്ള കതിർക്കറ്റകൾ ക്ഷേത്രത്തിൽ എത്തിച്ചു.

*******************

## ശബരിമല

ശബരിമല സന്നിധാനത്ത് വൻ ഭക്തജന തിരക്ക്. പമ്പാ മേൽശാന്തിമാർ,ശബരിമല ഉൾക്കഴകം എന്നിവരെ തെരഞ്ഞെടുക്കുന്നതിനുള്ള നറുക്കെടുപ്പും നടന്നു. ചിങ്ങമാസ

പൂജ പൂർത്തിയാക്കി ഈ മാസം 21-ന് നട അടക്കും. പിന്നീട് ഓണ പൂജകൾക്കായി 24 ന് നട വീണ്ടും തുറക്കും.

*******************

<u>മഴ</u>

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ നാളെ കോട്ടയം, എറണാകുളം, കണ്ണൂർ കാസർഗോഡ് ജില്ലകളിൽ കേന്ദ്രകാലാവസ്ഥാവകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് നാളെ രാത്രി 11.30 വരെ ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

*******************

************

****

RNU TVPM